113/est/18

<u>ഭരണഭാഷ മാതൃഭാഷ</u>

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ളക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം: ഇ7/4734/2017/സിഇ/തസ്വഭവ

തീയതി:26.03.2018

<u>സർക്കുലർ</u>

സർ,

വിഷയം:- തസ്വഭവ - 2016-17 സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ നൽകിയതിന്റെയും, മരാമത്ത് പ്രവൃത്തികൾക്ക് അനുവദിച്ച തുകയുടെയും ചെലവ് കണക്കുകൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്

സൂചന:- 1) ഈ ഓഫീസിൽ നിന്നും 22.03.2018 ലെ ഇതേ നമ്പർ സർക്കുലർ

സൂചന പ്രകാരം ചീഫ് എഞ്ചിനീയറുടെ കീഴിൽ വരുന്ന ഗ്രാമ/ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ/ കോർപ്പറേഷനുകൾ, സൂപ്രണ്ടിംഗ് എഞ്ചിനീയർ ഓഫീസുകൾ (സൗത്ത് സർക്കിൾ/ നോർത്ത് സർക്കിൾ) എന്നിവിടങ്ങളിലെ ജീവനക്കാർക്ക് ശമ്പളം, മറ്റ് അലവൻസുകൾ, മരാമത്ത് പണികൾ എന്നിവ നൽകുന്നതിന് വിവിധ ശീർഷകങ്ങളിൽ അനുവദിച്ച തുകയുടെ കണക്കുകൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

1) 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഓഫീസിൽ നിന്നും എൽ.എ.സി-എ.ഡി.എസ്, ധനകാര്യ വകുപ്പിന്റെ പ്രാദേശിക വികസന ഫണ്ട്, നബാർഡ് ആർ.എ.ഡി.എഫ് അംഗനവാടി കെട്ടിട നിർമ്മാണം എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്ന് എല്ലാ ഡി.ഡി.ഒ മാരും ഉറപ്പുവരുത്തേണ്ടതും താഴെ പറയും പ്രകാരം വെവ്വേറെ റിപ്പോർട്ട് ക്രോഡീകരിച്ച് നൽകേണ്ടതാണ്.

| ക്രമ നം. | 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക | ചെലവഴിക്കപ്പെട്ട തുക | സറണ്ടർ ചെയ്യുന്ന തുക |
|---|---|---|---|
| | | | |

2) 2017-18 സാമ്പത്തിക വർഷത്തിൽ ഈ ഓഫീസിൽ നിന്നും മെഡിക്കൽ റീംബേഴ്സ്മെന്റ്, ടൂർ റ്റി.എ, ട്രാൻസ്ഫർ റ്റി.എ, എൽ.റ്റി.സി, ക്വാളിറ്റി കൺട്രോൾ ലാബ് നിർമ്മാണം, കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം (കോർപ്പറേഷനുകളിൽ) കൺസോളിഡേറ്റഡ് പേയിൽ നിയമിക്കപ്പെട്ട പി.റ്റി.എസ് ജീവനക്കാരുടെ ശമ്പളം, ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡ്രൈവർമാരുടെ ശമ്പളം എന്നിവയ്ക്ക് അനുവദിച്ചിട്ടുള്ള തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്ന് എല്ലാ ഡി.ഡി.ഒ മാരും ഉറപ്പുവരുത്തേണ്ടതും താഴെ പറയും പ്രകാരം വെവ്വേറെ റിപ്പോർട്ട് ക്രോഡീകരിച്ച് നൽകേണ്ടതാണ്.

| ക്രമ നം. | 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുക | ചെലവഴിക്കപ്പെട്ട തുക | സറണ്ടർ ചെയ്യുന്ന തുക |
|---|---|---|---|
| | | | |

3) ജീവനക്കാരുടെ ശമ്പളം മറ്റ് അലവൻസുകൾ, പേറിവിഷൻ അരിയർ, ഡി.എ. അരിയർ, ലീവ് സറണ്ടർ എന്നിവയ്ക്ക് 2017-18 ൽ അനുവദിച്ച് നൽകിയതിന്റെ വിവരം താഴെ പറയും പ്രകാരം റിപ്പോർട്ട് ക്രോഡീകരിച്ച് നൽകേണ്ടതാണ്.

| ക്രമ നം. | ശീർഷകം | 2017-18 സാമ്പത്തിക വർഷത്തിൽ ആകെ ചെലവഴിക്കപ്പെട്ട തുക |
|---|---|---|
| | 1-Pay | |
| | 2- DA | |
| | 3- HRA | |
| | 5- Other Allowance (including CCA, HTA, Uniform Allowance, Festival Allowance, Bonus etc..) | |

4) ഈ ഓഫീസിന് ലഭ്യമാക്കുന്ന ചെലവു കണക്കുകൾ കൃത്യവും ശരിയുമാണെന്ന് അതാത് ഡി.ഡി.ഒ മാർ ഉറപ്പുവരുത്തേണ്ടതും നൽകേണ്ടുന്ന വിവരങ്ങൾ മുകളിൽ പറഞ്ഞിരിക്കുന്ന പ്രൊഫോർമ പ്രകാരം തന്നെ 31.03.2018 ന് നൽകേണ്ടതാണെന്ന് എല്ലാ ഡി.ഡി.ഒ മാരോടും നിർദ്ദേശിക്കുന്നു. ഇതിൽ വീഴ്ച വരുത്തുന്ന ഡി.ഡി.ഒ മാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണ്. സൂചന (1) ൽ നിർദ്ദേശിക്കുന്ന പ്രകാരമാണ് ഈ ഓഫീസിന് റിപ്പോർട്ട് നൽകേണ്ടതെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ചീഫ് എഞ്ചിനീയർ

പകർപ്പ് :
1) ചീഫ് എഞ്ചിനീയർ, കെ.എസ്.ആർ.ആർ.ഡി.എ
2) എല്ലാ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്കും
3) എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും, പി.ഐ.യു വിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
4) എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എഞ്ചിനീയർമാർ
5) ചീഫ് എഞ്ചിനീയറുടെ വെബ്സൈറ്റ്
6) സ്റ്റോക്ക് ഫയൽ

} തുടർ നടപടികൾക്കായി